# സെന്റ് സ്റ്റീഫൻസ് കോളേജ്
ഉഴവൂർ
(NAAC Accredited with B Grade)
കോട്ടയം ജില്ല, കേരള, പിൻകോഡ് – 686 634
Phone No. : 04822-240127, Fax: 240709, Web : www.ststephens.net.in, E-mail: info@ststephens.net.in


## പരിസ്ഥിതി മിത്ര അവാർഡ് 2022 നായി അപേക്ഷ ക്ഷണിക്കുന്നു

ഉഴവൂർ സെന്റ് സ്റ്റീഫൻസ് കോളേജിൽ പ്രവർത്തിക്കുന്ന സെന്റർ ഫോർ എൻവിറോൺമെന്റൽ എഡ്യൂക്കേഷൻ ആന്റ് റൂറൽ ഡെവലപ്മെന്റ് (CEERD), പരിസ്ഥിതിമിത്ര അവാർഡ് 2022 ജേതാക്കളെ തിരഞ്ഞെടുക്കുന്നതിനായി അപേക്ഷ ക്ഷണിച്ചിരിക്കുന്നു. പരിസ്ഥിതിസംരക്ഷണവുമായി ബന്ധപ്പെട്ട മികച്ച പ്രവർത്തനങ്ങൾ നടത്തിവരുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും വെവ്വേറെ അംഗീകാരം നൽകുന്നു. ട്രോഫിയും 10000 രൂപയുടെ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും അടങ്ങുന്ന പരിസ്ഥിതിമിത്ര അവാർഡ് സ്പോൺസർ ചെയ്തിരിക്കുന്നത് മുൻ പ്രിൻസിപ്പലും സീർഡ് സ്ഥാപക ചെയർമാനുമായ പ്രൊഫ. വി. പി. തോമസ്കുട്ടി, സ്ഥാപക എക്സിക്യൂട്ടീവ് ഡയറക്ടർ പ്രൊഫ. ജോയ് പല്ലാട്ടുമഠം, സീർഡ് അഭ്യുദയകാംക്ഷിയായ അഡ്വ. ബിനോയ് ജോർജ് ചെറുകര എന്നിവരാണ്. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയ്യതി മെയ് 07. അപേക്ഷാഫോറത്തിനും കൂടുതൽ വിവരങ്ങൾക്കും www.ststephens.net.in എന്ന വൈബ്സൈറ്റ് സന്ദർശിക്കുക.

ഉഴവൂർ കോളേജിന്റെയും പരിസരപ്രദേശങ്ങളുടെയും സുസ്ഥിരവികസനം ലക്ഷ്യം വച്ച് 2001ൽ ആരംഭിച്ച സീർഡ് യൂണിറ്റ് വിവിധങ്ങളായ പരിസ്ഥിതി സൗഹൃദ പരിപാടികൾക്ക് നേതൃത്വം നൽകുന്നു. കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുമായി സഹകരിച്ച് എൻവയോൺമെന്റ് ആന്റ് സസ്റ്റെയിനബിൾ ഡെവലപ്മെന്റ്, ട്രെയിനിങ്ങ് ആന്റ് പ്രാക്ടീസ് എന്ന വിഷയത്തിൽ സർട്ടിഫിക്കറ്റ് കോഴ്സ് നടത്തിവരുന്നു. കൂൺകൃഷി, വെയ്സ്റ്റ് മാനേജ്മെന്റ്, വെർമ്മികമ്പോസ്റ്റ് യൂണിറ്റ്, ജൈവകൃഷി, സോപ്പ് നിർമ്മാണം, പ്രകൃതിദത്ത ഭക്ഷ്യോത്പാദനം, പേപ്പർ ബാഗ്, മാറ്റ്, പേന എന്നിവയുടെ നിർമ്മാണ പരിശീലനം, പരിസ്ഥിതി സംരക്ഷണ ബോധവത്കരണ ക്ലാസ്സുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്നു. പ്രൊഫ. തോമസ് കെ. സി, ഡോ. സിൻസി ജോസഫ് എന്നിവർ സീർഡിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

ബന്ധപ്പെടേണ്ട നമ്പർ: 9459686561, 9447959048